LIBRARY ARCHIVES Kerala Legislative Assembly

തെങ്ങുകയറ്റത്തൊഴിലാളികൾക്ക് ക്ഷേമനിധി സംവിധാനം

57 (5462) .ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ തെങ്ങ് കയറ്റത്തൊഴിലാളികൾക്ക് നിലവിൽ ക്ഷേമനിധി സംവിധാനം ഉണ്ടോ ;

(ബി) ഇല്ലെങ്കിൽ ആയത് നടപ്പിൽ വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത് ;

(ഡി) വേണ്ടത്ര ആനുകൂല്യങ്ങളോ ശ്രദ്ധയോ ഇല്ലാത്തത് കാരണം ഈ രംഗത്ത് ആളുകളുടെ ലഭ്യതക്കുറവ് നിലവിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) തെങ്ങുകയറ്റത്തൊഴിലാളികൾക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) തെങ്ങ് കയറ്റ തൊഴിലാളികൾക്ക് പ്രത്യേകമായൊരു ക്ഷേമനിധി നിലവിലില്ല. കർഷകത്തൊഴിലാളികളുടെ നിർവ്വചനത്തിൽ പെടുന്നതുകൊണ്ട് കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുക്കാവുന്നതാണ്.

(സി) കേരള അംസംഘടിത തൊഴിലാളി ക്ഷേമ പെൻഷൻ പദ്ധതിയിൽ മരം കയറ്റ തൊഴിലാളികളേയും ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ തെങ്ങുകയറ്റത്തൊഴിലാളികൾക്ക് 1991-ലെ കേരള കൈത്തൊഴിലാളി-വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമാകാവുന്നതാണ്. എന്നാൽ രണ്ട് ക്ഷേമനിധിയിൽ അംഗത്വമെടുക്കാൻ അവകാശമുണ്ടായിരിക്കുകയില്ല. മരം കയറ്റ തൊഴിലിനിടയിൽ അപകടം സംഭവിച്ച് സ്ഥായിയായ അംഗവൈകല്യം സംഭവിക്കുന്ന തൊഴിലാളികൾക്ക് 25,000 രൂപയും മരണം സംഭവിക്കുകയാണെങ്കിൽ ആശ്രിതർക്ക് 50,000 രൂപയും എക്സ്ഗ്രേഷ്യാ ധനസഹായമായി നൽകി വരുന്നു.

(ഡി) ഈ രംഗത്ത് ആളുകളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗമാകുന്നതോടെ കർഷകത്തൊഴിലാളികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും തെങ്ങുകയറ്റ തൊഴിലാളികൾക്ക് ലഭിക്കുന്നതാണ്.